# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3794

19/02/2013 - ൽ മറുപടിയ്ക്ക്

## തീവണ്ടിയാത്രക്കാരുടെ സുരക്ഷ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. വി. എസ്. സുനിൽകുമാർ<br>,, മുല്ലക്കര രത്നാകരൻ<br>,, ഇ. ചന്ദ്രശേഖരൻ<br>,, ചിറ്റയം ഗോപകുമാർ | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| (എ)സംസ്ഥാനത്ത് തീവണ്ടിയാത്രക്കാരുടെ സുരക്ഷയ്ക്കായി പോലീസ് വകുപ്പ് എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കമോ; | (എ) | സംസ്ഥാനത്ത് തീവണ്ടി യാത്രക്കാരുടെ സുരക്ഷയ്ക്കായി പ്ലാറ്റ് ഫോമിലും ട്രെയിനുകളിലും പട്രോളിംഗ് ഡ്യൂട്ടിക്കായി പോലീസ് ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ട്. വനിതാ കംപാർട്ടുമെന്റുകളിൽ വനിതാ യാത്രക്കാരുടെ സുരക്ഷയ്ക്കായി ലഭ്യതയ്ക്കനുസരിച്ച് വനിതാ പോലീസുകാരെ നിയോഗിച്ചിട്ടുള്ളതും കൂടാതെ വനിതാ കമ്പാർട്ടുമെന്റുകൾക്ക് സമീപമുള്ള കമ്പാർട്ടുമെന്റുകളിൽ പ്രത്യേകം പോലീസ് പട്രോളിംഗും നടത്തി വരുന്നു. ട്രെയിനുകൾ നിർത്തുന്ന അവസരങ്ങളിൽ കമ്പാർട്ടുമെന്റുകളുടെ അരികിലെത്തി പോലീസ് ഉദ്യോഗസ്ഥർ യാത്രക്കാരോട് വിവരങ്ങൾ ചോദിച്ചറിയുകയും മറ്റു നിരീക്ഷണങ്ങൾ നടത്തുകയും ചെയ്യുന്നു. ട്രെയിനുകളിൽ കുറ്റക്കാർ ഉണ്ടോയെന്ന് സൂക്ഷ്മമായി നിരീക്ഷിച്ചും അന്വേഷിച്ചും കണ്ടെത്തി നിയമാനുസൃതമായി എല്ലാ നടപടികളും കൈക്കൊണ്ടു വരുന്നു. അടിയന്തിര സാഹചര്യങ്ങളിൽ ജില്ലകളിൽ നിന്നുള്ള ലോക്കൽ പോലീസിന്റെ സേവനവും ലഭ്യമാക്കുന്നുണ്ട്. ഇതിനു പുറമെ തിരുവനന്തപുരം റെയിൽവേ പോലീസ് സൂപ്രണ്ടിന്റെ ആഫീസിൽ പ്രവർത്തിക്കുന്ന റെയിൽ അലർട്ട് സംവിധാനം 9846200100 എന്ന നമ്പരിൽ 24 മണിക്കൂറും പ്രവർത്തിച്ചു വരുന്നു. ട്രെയിനുകളിൽ യാത്ര ചെയ്യുന്നവരുടെ ബുദ്ധിമുട്ടുകളും പരാതികളും ഈ നമ്പരിൽ വിളിച്ചറിയിക്കുന്ന മുറയ്ക്ക് തൽസമയം തന്നെ അടിയന്തിര സഹായം നൽകുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ തീവണ്ടി യാത്രക്കാരുടെ സുരക്ഷയ്ക്കായി ട്രെയിനുകളിലെ സുരക്ഷാ ഉദ്യോഗസ്ഥരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 200 അധിക തസ്തികകൾ സർക്കാർ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. |

| | |
|---|---|
| (ബി)തീവണ്ടി യാത്രക്കാരുടെ സുരക്ഷ കേന്ദ്ര സർക്കാർ ഏറ്റെടുക്കണമെന്ന് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ സംസ്ഥാനത്ത് തീവണ്ടി യാത്രക്കാരുടെ സുരക്ഷയ്ക്കായി എന്തെല്ലാം നിർദ്ദേശങ്ങളാണ് കേന്ദ്ര സർക്കാർമുമ്പാകെ സമർപ്പിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ? | (ബി) ആവശ്യപ്പെട്ടിട്ടുണ്ട്. നേരത്തെ പ്രഖ്യാപിച്ച ആർ.പി.എഫ് ലെ മഹിളാ വാഹിനി കമാന്റോ സംഘ രൂപീകരണം ത്വരിതപ്പെടുത്തുക, സംസ്ഥാനത്തെ എല്ലാ റെയിൽവേ സ്റ്റേഷനുകളിലും ഏആർ.പി.എഫ് ഔട്ട്പോസ്റ്റുകൾ ആരംഭിക്കുക, ട്രെയിൻ യാത്രക്കാരുടെ പ്രത്യേകിച്ചും വനിതാ യാത്രക്കാരുടെ സുരക്ഷ ഉറപ്പു വരുത്തുന്നതിന് ആവശ്യമായ വനിതാ ഉദ്യോഗസ്ഥരുൾപ്പെടുന്ന ആർ.പി.എഫ്-നെ നിയമിക്കുക, ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ നിയമനം നടത്തുക, സംസ്ഥാന പോലീസിന് ആവശ്യമുള്ളത്ര പാസ്സ് നൽകുക, വനിതാ യാത്രക്കാരുടെ സുരക്ഷ മുൻ നിർത്തി പ്ലാറ്റ് ഫോമുകളുടെ നീളവും ഉയരവും വർദ്ധിപ്പിക്കുക, പ്ലാറ്റ് ഫോമുകളിലും സ്റ്റേഷനുകളിലും മതിയായ വെളിച്ചം നൽകുന്ന ലൈറ്റുകൾ സ്ഥാപിക്കുക എന്നീ ആവശ്യങ്ങൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ